## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2304** **19/07/2016 ൽ മറുപടിക്ക്**

### കൃഷി ഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.വി.ഡി.സതീശൻ:** | **ശ്രീ.വി. എസ്. സുനിൽകുമാർ**<br>**(കൃഷിവകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ കൃഷിഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദീകരിക്കുമോ ; | എ) കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും കൃഷിഭവനുകൾ വഴിയാണ് നടപ്പിലാക്കുന്നത്. കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) കൃഷിഭവൻ മുഖേന കർഷകർക്കുള്ള സാമ്പത്തിക സഹായം കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം നടത്തിവരുന്നു.<br>2) ഇന്റർനെറ്റ് കണക്റ്റിവിറ്റി എല്ലാ കൃഷിഭവനുകളിലും നൽകിക്കൊണ്ട് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.<br>3) ഒഴിവുള്ള തസ്തികയിലേയ്ക്ക് നിയമനം നടത്തിവരുന്നു.<br>4) കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിന് ഇരുചക്രവാഹന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്.<br>5) കൃഷി അസിസ്റ്റന്റുമാരുടെ ചുമതലകൾ വ്യക്തമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br>6) കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിച്ചുവരുന്നു. കാർഷികവികസന സമിതികൾ കൃത്യമായി കൂടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

7) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി ലീഡ്സ് എന്ന പദ്ധതി കൊല്ലം, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

8) ആത്മപദ്ധതി കൂടുതൽ കാര്യക്ഷമതയോടെ വിജ്ഞാനവ്യാപനത്തിനായി പ്രവർത്തിച്ചുവരുന്നു.

9) സംസ്ഥാനത്തെ എല്ലാ കർഷകരുടെയും, അവരുടെ കൃഷിയെക്കുറിച്ചുമുള്ള ഡേറ്റാ-ബേസ് തയ്യാറാക്കിവരുന്നു.

| | |
|---|---|
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) 1. വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുഗമമാക്കുക, ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുക.<br>2. കർഷകർക്ക് ഉപയുക്തമായ പദ്ധതികൾക്ക് രൂപം കൊടുക്കുക.<br>3. കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ ലക്ഷ്യങ്ങൾ ഇതുമൂലം കൈവരിക്കാൻ കഴിയും. |
| സി) ഇവ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ ? | സി) ഡേറ്റാബേസ് സംബന്ധിച്ച നടപടി പുരോഗമിച്ചു വരുന്നു. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ലീഡ്സ്, ആത്മ പദ്ധതികളിലൂടെ വിജ്ഞാനവ്യാപന പരിപാടിയും മികച്ചരീതിയിൽ നടന്നുവരുന്നുണ്ട്.<br>കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ്വ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവീസ് ലെവൽ എഗ്രിമെന്റ് ബാങ്കുകളുമായി ഒപ്പിട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

11/